## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3418 — 09.04.2013 —ൽ - മറുപടിക്ക്

### എഫ്.എം.പി.ഡി.എസ്. സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ:<br>,, അൻവർ സാദത്ത് :<br>,, ആർ. സെൽവരാജ് :<br>,, എം. പി. വിൻസന്റ് : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ ഉപഭോക്താക്കൾക്കായി ഫുഡ് ഗ്രെയിൻസ് മൂവ്മെന്റ് ഫോർ ഇഫക്റ്റീവ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ (എഫ്.എം.പി.ഡി.എസ്) നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. പൊതുവിതരണം സംബന്ധിച്ച സാധാരണ ജനങ്ങളുടെ സംശയങ്ങൾ ദുരീകരിക്കപ്പെടുന്നതിനായി സർക്കാർ ഒരു സുതാര്യവൽകൃത വെബ്പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യ ങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ഏറ്റെടുക്കുന്നതു മുതൽ അതു റേഷൻ കടകളിൽ എത്തുന്നതു വരെയുള്ള എല്ലാ വിവരങ്ങളും ഇതിൽ രജിസ്റ്റർ ചെയ്യുന്ന ഏതൊരു പൗരനും എസ്.എം.എസ്. വഴി ലഭ്യമാക്കുന്ന എഫ്.എം.പി.ഡി.എസ് (Food grain Movement for effective Public Distribution System) പദ്ധതിയുടെ ഉദ്ഘാടനം 14.12.2012ൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (ബി) | പൊതുവിതരണ രംഗത്തെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നതാണ്. റേഷൻവ്യാപാരി ഭക്ഷ്യധാന്യം സ്വീകരിക്കുന്ന സന്ദർഭത്തിൽ തന്നെ കേന്ദ്രീകൃത സംവിധാനം ഉപയോഗിച്ച് ഭക്ഷ്യധാന്യ ങ്ങളുടെ ഇനം / അളവ്, ചില്ലറ / മൊത്ത വ്യാപാരിയുടെ നമ്പർ, ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്ന തീയതി / സമയം, ട്രക്ക് നമ്പർ എന്നിവ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതൊരു പൗരനും എസ്.എം.എസ്. (**SMS**) ആയി ലഭിക്കുന്ന താണ്. |
| (സി) ഈ പദ്ധതിയിൻകീഴിൽ ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ പുറപ്പെടുമ്പോൾ പുറപ്പെടുന്ന തീയതി, സമയം, ട്രക്ക് നമ്പർ, അംഗീകൃത ഡീലറുടെ നമ്പർ, ഭക്ഷ്യധാന്യ ങ്ങളുടെ അളവ്, വില, സ്കീം എന്നീ വിവരങ്ങളാണ് എസ്.എം.എസ്.-ലൂടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉപഭോക്താവിന് ലഭ്യമാക്കുന്നത്. |

(ഡി) ഈ സംവിധാനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) വിവരങ്ങൾ കൃത്യതയോടെ ഉപഭോക്താവിൽ എത്തിക്കുന്നതിനായി എഫ്.സി.ഐ. യിൽ നിന്നും സാധനങ്ങൾ ഡീലറുടെ അടുത്ത് എത്തുന്നതുവരെയുള്ള കാര്യങ്ങൾ വെബ് പോർട്ടലിൽ രേഖപ്പെടുത്തുന്നതിനുള്ള സജ്ജീകരണങ്ങൾ വകുപ്പു-തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(ഇ) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനു വേണ്ടി ലഭിക്കുന്നത്?

(ഇ) 50 % കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്ന പൊതുവിതരണ രംഗത്തെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ ഭാഗമാണ് എഫ്.എം.പി. ഡി.എസ്.

സെക്ഷൻ ഓഫീസർ